**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1732** **13-02-2025 - ൽ മറുപടിയ്ക്ക്**

**കെ-റീപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കെ-റീപ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പും ബന്ധപ്പെട്ട ഏജൻസികളും സ്ഥാപനങ്ങളും നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനുകൾ സമർപ്പിച്ച ഇടക്കാല റിപ്പോർട്ട് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി 21.04.2022 ന് വിളിച്ചു ചേർത്ത യോഗത്തിൽ Enterprise Resourse Planning എന്ന ആശയത്തിലൂന്നി സംസ്ഥാനത്തിലെ സർവകലാശാലകൾക്കും കോളേജുകൾക്കും ഉപയോഗപ്രദമാക്കാവുന്ന കേരള റിസോഴ്സ് ഫോർ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ് (K-REAP) മൂന്ന് ഘട്ടമായി വികസിപ്പിക്കണം എന്നും ആദ്യഘട്ടത്തിൽ ഭരണപരമായ മൊഡ്യൂളുകളും, രണ്ടാം ഘട്ടത്തിൽ പരീക്ഷ സംബന്ധിയായ മൊഡ്യൂളുകളും, മൂന്നാംഘട്ടത്തിൽ ലേർണിംഗ് മാനേജ്മെന്റ് മൊഡ്യൂളുകളും വികസിപ്പിക്കണം എന്നും തീരുമാനിച്ചിരുന്നു.<br><br>ഇതിനെ തുടർന്ന് കെ-റീപ് വികസന കാര്യങ്ങളെക്കുറിച്ച് വിശദമായി പഠിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സർവകലാശാല പ്രതിനിധികളെ വെച്ച് രൂപീകരിച്ച സാങ്കേതിക, നിരീക്ഷണ സമിതി ഒരു സോഫ്റ്റ്‌വെയർ വികസന പദ്ധതി തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുകയും പ്രൊപ്പോസൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും തുടർന്ന്, വിപണിയിൽ ലഭ്യമായ സോഫ്റ്റ്‌വെയർ സേവനങ്ങൾ കസ്റ്റമൈസ് ചെയ്ത് ഉപയോഗിക്കുന്ന രീതി ആദ്യം പരിഗണിക്കണം എന്ന നിർദ്ദേശം ഉൾപ്പെടുത്തി ഉന്നതവിദ്യാഭ്യസ കൗൺസിലിന് കെ-റീപ് സോഫ്റ്റ്‌വെയർ വികസന പ്രവർത്തനങ്ങളുടെ ആദ്യഘട്ടം ആരംഭിക്കാനുള്ള ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തു.<br><br>ഇതിനെ തുടർന്ന്, വിപണിയിൽ ലഭ്യമായ സോഫ്റ്റ്‌വെയർ സേവനങ്ങൾ K-REAP നടത്തിപ്പിനായി ഉപയോഗപ്പെടുത്താമോ എന്ന് പരിശോധിക്കുന്നതിനായി KSHEC രൂപീകരിച്ച |

| | | | |
|---|---|---|---|
| | | | സാങ്കേതിക ഉപദേശ സമിതി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും, വിശദമായ അവതരണത്തിനായി ഈ ഏജൻസികൾക്ക് അവസരം നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് ASAP Kerala, TCS എന്നിവ സമർപ്പിച്ച SaaS-അധിഷ്ഠിത ERP സൊല്യൂഷനുകൾ സമിതി ഷോർട്ട്‌ലിസ്റ്റ് ചെയ്തു. തുടർന്ന്, അസാപ് കേരള സർക്കാർ ഉടമസ്ഥതയിൽ ഉള്ള സ്ഥാപനമാണ് എന്നതും അവർ മുൻപോട്ട് വെച്ച സൊല്യൂഷന്റെ പ്രായോഗിക മികവും മുൻ നിർത്തി KSHEC എക്സിക്യൂട്ടീവ് കൗൺസിൽ ആത്യന്തികമായി അസാപ്-കേരള മുൻപോട്ട് വെച്ച സൊല്യൂഷൻ കെ-റീപ് വികസനത്തിനായി തിരഞ്ഞെടുക്കാൻ ഉള്ള അനുമതിക്കായി സർക്കാരിനെ സമീപിക്കുകയും സർക്കാർ അത് പരിശോധിച്ച് അനുമതി നൽകുകയും ചെയ്തു.<br><br>സർക്കാർ അനുമതി പ്രകാരം കൗൺസിൽ അസാപ് കേരളയുമായി ധാരണാ പാത്രത്തിൽ ഏർപ്പെടുകയും അതുപ്രകാരം കെ-റീപ് വികസന പ്രവർത്തനങ്ങൾ കൗൺസിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പദ്ധതി നടപ്പിലാക്കുന്നതിന് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ മുഖേന അസാപ് കേരള വഴി എം.കെ.സി.എൽ എന്ന മഹാരാഷ്ട്ര കമ്പനിയെ തെരഞ്ഞെടുതത് എങ്ങനെയെന്ന് വ്യക്തമാക്കുമോ; | (ബി) | (എ)-യിൽ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കമ്പനിയുടെ സ്വഭാവം, ഉടമസ്ഥർ, മുൻകാല പരിചയം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | (എ)-യിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ